രാത്രികാലങ്ങളിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ബസ്സുകൾ നിർത്തുന്നതിന് നടപടി

62 [4940] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകൾ രാത്രികാലങ്ങളിൽ പലപ്പോഴും യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകൾ ഏത് സമയം മുതൽ ഏതു സമയം വരെയാണ് യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തുന്നത്;

(സി) യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് രാത്രികാലങ്ങളിൽ നിർദ്ദിഷ്ട സ്റ്റോപ്പുകൾക്കുപുറമെ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ബസ്സുകൾ നിർത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, സർവ്വീസുകൾ രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്താറുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ രാത്രികാലങ്ങളിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിറുത്തിക്കൊടുക്കാറുണ്ട്.

(ഡി) സർക്കാർ ഉത്തരവില്ല. കെ. എസ്. ആർ. ടി. സി. ഇത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ കെ. എസ്. ആർ. ടി. സി.-യുടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി

63 [4941] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇടുക്കി ജില്ലയിൽ കെ. എസ്. ആർ. ടി. സി.-യുടെ ഓരോ ഡിപ്പോകളിൽ നിന്നും 2002-ൽ എത്ര സർവ്വീസുകളാണ് നടത്തിയിരുന്നത്;

(ബി) പ്രസ്തുത ഡിപ്പോകളിൽ നിന്നും നിലവിൽ എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്;

(സി) യാത്രാസൗകര്യങ്ങൾ കുറവായ ഈ ജില്ലയിൽ നിലവിൽ ഉണ്ടായിരുന്ന സർവ്വീസുകളുടെ എണ്ണം കുറയ്ക്കുന്നതിനിടയാക്കിയ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പുതിയതായി സർവ്വീസുകൾ ആരംഭിക്കുന്നതിന് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ജില്ലയുടെ വിവിധ ഗ്രാമ-നഗരപ്രദേശങ്ങളിലേയ്ക്ക് മിനി ബസ് ഉൾപ്പെടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊടുപുഴ നിന്നും 35-ഉം, മൂലമറ്റത്ത് നിന്ന് 14-ഉം, മൂന്നാറിൽ നിന്നും 15 -ഉം ഷെഡ്യൂളുകൾ ഉൾപ്പെടെ ആകെ 64 സർവ്വീസുകളാണ് നടത്തിയിരുന്നത്.

(ബി) പ്രസ്തുത ഡിപ്പോകളിൽ നിന്നും ആകെ 68 സർവ്വീസുകളാണ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്. തൊടുപുഴ-40, മൂലമറ്റം-11, മൂന്നാർ-17.

(സി) സർവ്വീസുകളുടെ എണ്ണം കുറച്ചിട്ടില്ല.

(ഡി) ട്രാഫിക് ഡിമാന്റ് അനുസരിച്ച് ഷെഡ്യൂളുകൾ ഉണ്ടാക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(ഇ) ഇക്കാര്യം പരിഗണനയിൽ ആണ്.

സംസ്ഥാന ഹൈവേ-38 റൂട്ടിൽ കണ്ണൂരിൽനിന്ന് കോഴിക്കോട്ടേയ്ക്ക് കെ. എസ്. ആർ. ടി. സി. വക ബസ് സർവ്വീസ്

64 [4942] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലുള്ള സംസ്ഥാന ഹൈവേ-38 റൂട്ടിൽ കണ്ണൂരിൽനിന്നും കോഴിക്കോട്ടേയ്ക്ക് കെ. എസ്. ആർ. ടി. സി. വക ബസ് സർവ്വീസ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റൂട്ടിൽ കെ. എസ്. ആർ. ടി. സി. വക ബസ് സർവ്വീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly